പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3500 | 19.10.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>" വി.എസ്.ശിവകുമാർ<br>" കെ.മുരളീധരൻ<br>" എ.പി. അനിൽ കുമാർ | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി.മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ,തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| (ബി) ഇവർക്ക് ഇൻഷ്വറൻസും സ്മാർട്ട് കാർഡും ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലിചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികളെയാണ് നിർദ്ദിഷ്ട ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ |

അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യആശുപത്രികളിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. തുടക്കമെന്ന നിലയിൽ ഏശദേശം 5 ലക്ഷം പേരെ ഈ പദ്ധതിയിൽ ചേർക്കുന്നതിന് ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകൾക്കും, ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന വിവിധ തൊഴിൽ മേഖലയിൽ ഉൾപ്പെട്ടവർക്കും, വ്യക്തികൾക്കും വരെ വിവരങ്ങൾ ഉപയുക്തമാക്കുവാൻ കഴിയുന്ന വിധത്തിലുള്ള സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ്, ചിപ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധോദ്ദേശ്യ ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുകയാണ് ആവാസ് പദ്ധതിയുടെ ലക്ഷ്യം.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനത്തെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ?

(സി) പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ, ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നിർമ്മാണം. പ്രിന്റിംഗ്, വിതരണം എന്നിവ നാഷണൽ കോമ്പെറ്ററ്റീവ് ഓപ്പൺ ടെണ്ടർ നിശ്ചയിക്കുന്നതിനാണ് പ്രാഥമികമായി തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.